


# നന്മ പ്രവർത്തിക്കുവിൻ

**(പുറ. 40/1-14, ഹെബ്രാ. 8/16, മത്താ. 12/1-12)**

**ബ്ര. ബാസ്റ്റിൻ പുല്ലംതാനിക്കൽ**

Vol. 9 Issue. 25

ഈശോയിൽ ഏറ്റവും സ്നേഹമുള്ളവരെ,

“നിങ്ങൾ എന്റെ ജനവും ഞാൻ നിങ്ങളുടെ ദൈവവുമായിരിക്കും” (പുറ. 19/4-5). ദൈവസാന്നിധ്യത്തിന്റെ മലയായ സീനായ് മലയിൽ വച്ച് ദൈവം അരുളിച്ചെയ്ത വാക്കുകളാണിവ. തന്റെ വാക്കുകളുടെ പൂർത്തീകരണത്തിനായി അവിടുന്ന് സാക്ഷ്യപേടകത്തിലൂടെ തന്റെ സാന്നിധ്യമറിയിച്ചു. മരുഭൂമിയിലെ യാത്രയിലുടനീളം അവർക്ക് വഴികാട്ടിയും, ആശ്വാസവും ഈ സാക്ഷ്യപേടകമായിരുന്നു. അഹറോന്റെ വടിയും, കൽപ്പലകയും, തിരുസാന്നിധ്യഅപ്പവും ഉൾച്ചേരുന്ന അതിവിശുദ്ധ പേടകത്തെ അവർ വിശുദ്ധമായ കൂടാരങ്ങളിലാണ് സ്ഥാപിച്ചത്. പിന്നീട് പാളയമടിക്കുമ്പോൾ ഈ വിശുദ്ധകൂടാരത്തിന് ചുറ്റുമാണ് അവർ പാളയമടിച്ചിരുന്നത്. അവിടെ ശുശ്രൂഷ ചെയ്യുവാൻ അഹറോന്റെ തലമുറയെ പ്രത്യേകമാംവിധം ശുദ്ധീകരിക്കുന്നതും അഭിഷേകം ചെയ്യുന്നതും നാം കണ്ടു.

പിന്നീട് ഒരു ജനമായി മാറിയപ്പോഴും, ഒരു രാജ്യമായി തീർന്നപ്പോഴും അവർ ഈ വിശുദ്ധി കാത്തുസൂക്ഷിച്ചു. 2 സാമു. 7,2-ൽ ദൈവത്തിന് ആലയം പണിയുവാൻ വെമ്പൽകൊള്ളുന്ന ദാവീദ് രാജാവിനെ നാം കണ്ടുമുട്ടുന്നു. പീന്നീട് സോളമൻ ദൈവത്തിന് ആലയം പണിയുന്നതും അവിടെ ബലിയർപ്പിക്കുന്നതും ചരിത്രം. എന്നാൽ ചരിത്രത്തിന്റെ കുത്തൊഴുക്കിൽ നിരർത്ഥകമായ ബലിയർപ്പിച്ച ഇസ്രായേൽ സമൂഹത്തിന് വഴിതെറ്റി. അവർ ദൈവവുമായുള്ള ഉടമ്പടി മറന്നു. അനുസരണക്കേട് കാട്ടി. അത് ദേവാലയത്തിന്റെ നാശത്തിലേയ്ക്കും ഇസ്രായേലിന്റെ പതനത്തിലേയ്ക്കും നയിച്ചു.

അതിവിശുദ്ധവും പരിപാവനവുമായ ദേവാലയം ഇല്ലാതായി. ഒന്നിനു പിറകെ ഒന്നായി അടിമത്വങ്ങൾ. അവിടേക്കാണ് പുതിയ ഉടമ്പടിയുടെ മദ്ധ്യസ്ഥനായി ക്രിസ്തു കടന്നുവരുന്നത്.

(ഹെബ്രാ. 8/1-6). ലേഖനകർത്താവ് പഴയനിയമ ബലികളെ സ്വർഗ്ഗീയ സാദൃശ്യങ്ങളുടെ നിഴലിനോടാണ് ഉപമിക്കുന്നത്. അദ്ദേഹം ക്രിസ്തുവിന്റെ പുതിയ ബലിയെ ശ്രേഷ്ഠമായി അവതരിപ്പിക്കുന്നു. എന്തെങ്കിലും അർപ്പിക്കുന്നതാണ് പഴയശീലം. എന്നാൽ ക്രിസ്തു എന്തെങ്കിലും ഒന്നല്ല അർപ്പിച്ചത്, അതാണ് അവന്റെ ശ്രേഷ്ഠതയുടെ രഹസ്യം. സ്വയം മുറിച്ചു കൊടുക്കുകയാണ് അവൻ ചെയ്തത്. അവന്റെ ശിഷ്യരെന്ന നിലയിൽ സമാനമായ വിളിയാണ് നമുക്ക് ഓരോരുത്തർക്കുമുള്ളത്. സ്വയം മുറിച്ചുകൊടുക്കാൻ. നമ്മുടെ സമയം നാം പങ്കുവയ്ക്കുമ്പോൾ, ആരോഗ്യം സമർപ്പിക്കുമ്പോൾ, പണം ചെലവഴിക്കുമ്പോൾ, നാമും അവനെപ്പോലെ മുറിയപ്പെടുകയാണ്. ദിവ്യകാരുണ്യമായി തീരുകയാണ്. വിശുദ്ധ കുർബാന നമ്മിലൂടെ തുടരുകയാണ്.

വി. മത്തായിയുടെ സുവിശേഷത്തിലേയ്ക്ക് (12/1-12) കടന്നുവരുമ്പോൾ, നന്മ ചെയ്തുകൊണ്ട് ചുറ്റി സഞ്ചരിക്കുന്ന ക്രിസ്തുവിനെ നാം കണ്ടുമുട്ടുന്നു. അവൻ സാബത്തിൽ പോലും വിശ്രമിക്കുന്നില്ല. നന്മ ചെയ്യുന്നതിൽ നിന്ന്, ഒന്നും തന്നെ അവനെ തടയുന്നില്ല. സുവിശേഷത്തിന്റെ പശ്ചാത്തലത്തിൽ ഈശോ മനഃപൂർവ്വം സാബത്ത് ലംഘനം നടത്തുന്ന പോലുണ്ട്. കൂടുതൽ ദൂരം നടന്നു (കാരണം ശിഷ്യർ ക്ഷീണിച്ചു), കതിരുകൾ ഭക്ഷിച്ച ശിഷ്യരെ ന്യായീകരിക്കുന്നു, രോഗശാന്തി നൽകുന്നു. തീർച്ചയായും ഈ ലംഘനമൊക്കെ- നന്മ ചെയ്യുക എന്ന വലിയ പാഠം പഠിപ്പിക്കുവാനാണെന്ന് 12/12 നമ്മെ ഓർമ്മിപ്പിക്കുന്നു. അനുഷ്ഠാനങ്ങൾക്കുപരി സ്നേഹത്തിന് പ്രാധാന്യം കൊടുക്കുന്ന രീതി യേശു പറഞ്ഞുവയ്ക്കുന്നു. എന്തിലുമേതിലും ഉപരിയായി കാരുണ്യത്തിന്റെ മുഖം അവിടുന്ന് തുറന്നുകാട്ടുന്നു.

ഇപ്രകാരം നന്മ ചെയ്തു നീങ്ങുന്ന ക്രിസ്തുവിനെ മനഃപൂർവ്വം കെണിയിൽ ചാടിക്കുവാനാണ് യഹൂദരുടെ ശ്രമം. അവർ കൊണ്ടുവരുന്ന രോഗിയെ ശ്രദ്ധിക്കുക. മരണാസന്നനല്ല, വേണമെങ്കിൽ നാളെ സുഖപ്പെടുത്തിയാലും മതി. അതുപോലെ തന്നെ കൈ ശോഷിച്ചവൻ എന്നത് ഇസ്രായേലിലെ ശാപഗ്രസ്തന്റെ അവസ്ഥയാണ്. ആടുകളെ ഉപേക്ഷിച്ച നീചനായ ഇടയനെയും (എസക്കി. 11/17), ദൈവഹിതത്തിന് എതിരായി ബലിപീഠം നിർമ്മിച്ച ജറോബോബിനെയും (1 രാജാ. 13/1-6), കൈശോഷിച്ചവൻ പ്രതിനിധീകരിക്കുന്നു. എന്നിരിക്കിലും ഏതു സാഹചര്യത്തിലും നന്മ പ്രവർത്തിക്കുവാൻ ആഹ്വാനം ചെയ്ത് ബലിയല്ല, കരുണയാണ് താൻ ആഗ്രഹിക്കുന്നത് എന്ന പഴയനിയമ പ്രവചനത്തെ (ഹോസിയ 6/6) കോർത്തിണക്കി അവിടുന്ന് പറയുന്നു.

ചിലരെങ്കിലും ഈ വചനഭാഗം -പാരമ്പര്യത്തെ തള്ളിപ്പറയാനുള്ള ഭാഗമായി കാണാറുണ്ട്. ഒരിക്കലുമല്ല. ഈശോ പാരമ്പര്യങ്ങളെ മുറുകെ പിടിച്ചിട്ടേയുള്ളൂ. നിയമങ്ങൾ പൂർത്തിയാക്കാനാണ് അവിടുന്ന് വന്നത്. (മത്തായി 5/18)

ഇപ്രകാരം ക്രിസ്തുവിന്റെ നന്മ ചെയ്യാനുള്ള ആഹ്വാനം സ്വീകരിച്ച്, പാരമ്പര്യങ്ങളെ മുറുകെ പിടിച്ച് ഏത് സാഹചര്യത്തിലും സ്വയം മുറിച്ചു കൊടുത്ത് ദിവ്യകാരുണ്യമായി തീരാൻ സർവ്വശക്തനായ ദൈവം നമ്മെ സഹായിക്കട്ടെ.

നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും. ആമേൻ.